I/240451/2024

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ. DME/5216/2023-B3 തീയതി:22-05-2024

**പരിപത്രം**

**വിഷയം**: മെ.വി.വ-അക്കാദമിക്ക്-പാരാമെഡിക്കൽ - ഡിപ്ലോമ കോഴ്സുകളുടെ ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിദേശ രാജ്യങ്ങളിൽ ജോലി ആവശ്യത്തിലേയ്ക്കായി ആണ് വിദ്യാർത്ഥികൾ വിവിധ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലെ ട്രാൻസ്ക്രിപ്റ്റിന് അപേക്ഷ സമർപ്പിക്കുന്നത്. ഇത്തരത്തിൽ ഈ കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ കരട് ട്രാൻസ്ക്രിപ്റ്റ് തയ്യാറാക്കി ആയത് വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയ സ്ഥാപനത്തിലെ മേധാവിയ്ക്ക് അയക്കുകയും, അവർ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി, സാക്ഷ്യപ്പെടുത്തി തിരികെ ഈ ഓഫീസിൽ ലഭിച്ച ശേഷമാണ് ഒറിജിനൽ ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് അപേക്ഷകർക്ക് നൽകുന്നത്. പല സ്ഥാപനങ്ങളും യഥാസമയം സാക്ഷ്യപ്പെടുത്തി തിരികെ നൽകാറില്ല. ഇതുമൂലം അപേക്ഷകർക്ക് ട്രാൻസ്ക്രിപ്റ്റ് വിതരണം ചെയ്യാൻ കഴിയാതെ വരുന്നു. ഈ സാഹചര്യത്തിൽ ഇനി മുതൽ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുടെ ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് വിതരണം ചുവടെ പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

പാരാമെഡിക്കൽ ഡിപ്ലോമ ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റിനുള്ള അപേക്ഷ, പഠിച്ച സ്ഥാപനത്തിൽ നിന്ന് നിർദ്ദിഷ്ട മാതൃകയിൽ സാക്ഷ്യപ്പെടുത്തിയ ട്രാൻ സ്ക്രിപ്റ്റ്, താഴെ പറയുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ എന്നിവ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ വിലാസത്തിൽ എത്തിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് ഈ കാര്യാലയത്തിൽ നിന്ന് വിതരണം ചെയ്യുന്നതായിരിക്കും.

1. വെള്ള പേപ്പറിലുള്ള അപേക്ഷ.
2. പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള DME അംഗീകരിച്ച നിർദിഷ്ട മാതൃകയിലുള്ള ട്രാൻസ്ക്രിപ്റ്റ് .
3. സ്വയം സാക്ഷ്യപെടുത്തിയ ഡിപ്ലോമ സർട്ടിഫിക്കറ്റ് പകർപ്പ്
4. സ്വയം സാക്ഷ്യപെടുത്തിയ മാർക്ക് ലിസ്റ്റുകളുടെ പകർപ്പ്
5. സ്വയം സാക്ഷ്യപെടുത്തിയ 1oth/SSLC സർട്ടിഫിക്കറ്റ് പകർപ്പ്
6. സ്വയം സാക്ഷ്യപെടുത്തിയ TC/വിടുതൽ സർട്ടിഫിക്കറ്റ് പകർപ്പ്
7. സ്വയം സാക്ഷ്യപെടുത്തിയ കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് പകർപ്പ്(കോഴ്സ് തുടങ്ങിയ തിയതിയും, കോഴ്സ് പൂർത്തീകരിച്ച തിയതിയും നിബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്)
8. വിലാസം തെളിയിക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപെടുത്തിയ പകർപ്പ്
9. സ്വയം സാക്ഷ്യപെടുത്തിയ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ പകർപ്പ് (ലഭ്യമാണെങ്കിൽ മാത്രം)
10. സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ 0210-03-105-99 എന്ന ഹെഡിൽ 790 രൂപ (എഴുനൂറ്റി തൊണ്ണൂറു രൂപ) അടച്ച ചെലാൻ രസീത്.

Signed by
Thomas Mathew
Date: 22-05-2024 06:14:13

THOMAS MATHEW
DIRECTOR

I/240451/2024

പകർപ്പ്: 1. എല്ലാ പാരാ മെഡിക്കൽ ഡിപ്ലോമ സ്ഥാപനങ്ങൾക്കും
(മാതൃകാ ട്രാൻസ്ക്രിപ്റ്റ് ലഭ്യതയ്ക്കായി **dmepmexams@gmail.com** എന്ന മെയിലിലും **0471-2528884, 2528880** എന്ന നമ്പരിലും ബന്ധപ്പെടാം)

2. **DME/ JDME** എന്നിവരുടെ **CA** മാർക്ക് /**AA-III**
3. കമ്പ്യൂട്ടർ പ്രോഗ്രാമ്മർ,**DME** (**DME**വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. **DME** യിലെ നോട്ടീസ് ബോർഡുകൾ (സെക്ഷൻ, ഫ്രണ്ട് ഓഫീസ്)